പതിനാലാം കേരള നിയമസഭ

പത്താം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത
നിയമസഭാ ചോദ്യം നമ്പർ : 4312

21.03.2018 ൽ
മറുപടിക്ക്

## ഭരണപരിഷ്കാര കമ്മീഷൻ നൽകിയ ശിപാർശകൾ

| ചോദ്യം | മറുപടി |
|---|---|
| ശ്രീ. എൻ. ഷംസുദ്ദീൻ | പിണറായി വിജയൻ<br>(മുഖ്യമന്ത്രി) |
| എ) സംസ്ഥാന ഭരണ പരിഷ്കാര കമ്മീഷൻ നൽകിയ ശിപാർശകൾ എന്തെല്ലാമാണെന്ന് വിശദമാക്കാമോ ; | എ) സംസ്ഥാന വിജിലൻസ് കമ്മീഷൻ രൂപീകരിക്കുക, വിജിലൻസ് ഡയറക്ടറേറ്റിന് CBI യെ പോലെ സ്വതന്ത്രവും നിഷ്പക്ഷവുമായി പ്രവർത്തിക്കുന്നതിനാവശ്യമായ സ്റ്റാറ്റ്യൂട്ടറി അധികാരങ്ങളും സ്വതന്ത്രാധികാരവും നൽകുക, വിജിലൻസ് കമ്മീഷനും വിജിലൻസ് & ആന്റി കറപ്ഷൻ ബ്യൂറോയ്ക്കും സ്വതന്ത്രവും നിഷ്പക്ഷവുമായി പ്രവർത്തിക്കുന്നതിനുള്ള നിയമാധിഷ്ഠിത അധികാരങ്ങൾ ഉണ്ടാക്കുക, അഴിമതി കേസുകൾ അന്വേഷിക്കുന്നതിനുള്ള നിലവിലുള്ള നടപടിക്രമങ്ങൾക്ക് സമഗ്രമായ പരിഷ്കാരങ്ങൾ വരുത്തുക എന്നിവയാണ് ഭരണ പരിഷ്കാര കമ്മീഷന്റെ ഒന്നാമത് റിപ്പോർട്ടിലെ പ്രധാന ശിപാർശകൾ. |
| ബി) ഭരണ പരിഷ്കാര കമ്മീഷൻ നൽകുന്ന ശിപാർശകൾ നടപ്പിലാക്കുവാൻ സർക്കാരിന് ബാധ്യതയുണ്ടോ ; വിശദാംശം നൽകുമോ ; | ബി) കമ്മീഷൻ ശിപാർശകൾ പരിശോധിച്ച് യുക്തമായ തീരുമാനങ്ങൾ സർക്കാർ കൈക്കൊള്ളുന്നതാണ്. |
| സി) കമ്മീഷൻ ഇതുവരെ സർക്കാരിന് നൽകിയ ശിപാർശകൾ നടപ്പിലാക്കുവാൻ എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട് എന്നതിന്റെ വിശദവിവരം നൽകുമോ ? | സി) സർക്കാരിന്റെ പരിശോധനയിലാണ്. |

Jui R
സെക്ഷൻ ഓഫീസർ